**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2562** **17-03-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ എം വിൻസെൻറ് , ശ്രീ. ടി. ജെ. വിനോദ്, ശ്രീ പി സി വിഷ്ണുനാഥ്** | | **null (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വാണിജ്യ വ്യവസായ മേഖലയ്ക്ക് ഉണർവേകുന്നതിനും ഉതകുന്ന ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത്തന്നെ തുടക്കംകുറിച്ചിരുന്നു. 2018-ൽ ‘കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ സർക്കാർ കൊണ്ടുവരികയുണ്ടായി. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. മേൽ വിവരിച്ച പ്രകാരം അപേക്ഷയിൻമേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതോടൊപ്പം 2019-ൽ ‘കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം’ സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ നിർവചനമനുസരിച്ച് 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ |

ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിനു വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധനകൾ ആവശ്യമായ മറ്റു വകുപ്പുകളെ കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിരുന്നു. ഇവ ഒഴിവാക്കാനും, കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കാനും ഒരു എക്സ്റ്റേർണൽ കമ്മിറ്റി രൂപവത്ക്കരിച്ചിരുന്നു. വ്യവസായ സമൂഹവും, വിവിധ വ്യവസായ അസ്സോസ്സിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും

| | | | |
|---|---|---|---|
| | | | ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും, കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ റിപോർട്ട് പ്രസ്തുത കമ്മിറ്റി കഴിഞ്ഞ മാസം അവസാനത്തോടെ സർക്കാർ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. 2022-നെ സംരംഭക വർഷമായി ആചരിക്കാനും, അതിന്റെ ഭാഗമായി ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾ ഈ വർഷം സംസ്ഥാനത്ത് പ്രവർത്തന നിരതമാക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ്, സഹകരണ വകുപ്പ് മന്ത്രിമാരുമായി കൂടിയാലോചനകൾ നടത്തിയിരുന്നു. ഈ വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് മേൽപറഞ്ഞ ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുള്ള വിശദമായ കർമ്മപദ്ധതി തയ്യാറാക്കാൻ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കേരളത്തിൽ വ്യവസായം ആരംഭിക്കുന്നവർക്ക് തൊഴിലാളി സമരങ്ങൾ മൂലം വ്യവസായം പൂട്ടേണ്ട അവസ്ഥയുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായങ്ങൾ ആരംഭിക്കുന്നതിനുമായി ചട്ടങ്ങളും നിയമങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്. തൽഫലമായി സംസ്ഥാനം വ്യവസായ സൗഹൃദമായി കഴിഞ്ഞു. തുടർന്ന് വ്യവസായ സമൂഹത്തിൽ നിന്നും മികച്ച പ്രതികരണം ലഭിക്കുകയും വൻപിച്ച നിക്ഷേപത്തിന് താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രാദേശികമായി ചില ഒറ്റപ്പെട്ട പ്രതിബന്ധങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യവസായ സംരംഭകർക്കാവശ്യമായ നിയമപരമായ എല്ലാവിധ പരിരക്ഷയും ലഭ്യമാക്കുന്നതാണ്. |
| (സി) | മാതമംഗലത്തും മാടായിയിലും പേരാമ്പ്രയിലും ഉൾപ്പെടെ ആരംഭിച്ച വ്യവസായങ്ങൾ തൊഴിൽ സമരം കാരണം പൂട്ടേണ്ടി വരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് വ്യവസായ വകുപ്പ് ആവശ്യമായ ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായങ്ങൾ ആരംഭിക്കുന്നതിനുമായി ചട്ടങ്ങളും നിയമങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്. തൽഫലമായി സംസ്ഥാനം വ്യവസായ സൗഹൃദമായി കഴിഞ്ഞു. തുടർന്ന് വ്യവസായ സമൂഹത്തിൽ നിന്നും മികച്ച പ്രതികരണം ലഭിക്കുകയും വൻപിച്ച നിക്ഷേപത്തിന് താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രാദേശികമായി ചില ഒറ്റപ്പെട്ട പ്രതിബന്ധങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യവസായ സംരംഭകർക്കാവശ്യമായ നിയമപരമായ എല്ലാവിധ പരിരക്ഷയും ലഭ്യമാക്കുന്നതാണ്. |
| (ഡി) | കേരളത്തിൽ വ്യവസായ നിക്ഷേപം നടത്താൻ | (ഡി) | വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട |

| | | | |
|---|---|---|---|
| | താല്പര്യമുള്ള നിക്ഷേപകരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | | അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള ഒരു പരാതിപരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്. സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലുമായാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ